Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

റാന്നി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

77(687) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ, പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശാദംശങ്ങളും കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ വിശാദംശങ്ങളും ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടും പൂർത്തിയാക്കാൻ സാധിക്കാത്ത റോഡുകളുടെ പട്ടിക കാലതാമസകാരണം സഹിതം ലഭ്യമാക്കാമോ ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കെ.എസ്.റ്റി.പി. വഴി നടപ്പാക്കിവരുന്ന റോഡുകളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കോന്നി-പ്ലാച്ചേരി, പ്ലാച്ചേരി-പൊൻകുന്നം എന്നീ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. 1-11-2019-ൽ ആരംഭിച്ച കോന്നി-പ്ലാച്ചേരി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 31-10-2021 ആണ്. ഈ പ്രവൃത്തി നിലവിൽ 58% പൂർത്തീകരിച്ചു. 24-9-2019-ൽ ആരംഭിച്ച പ്ലാച്ചേരി-പൊൻകുന്നം റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കേണ്ടത് 22-12-2021-ലാണ്. ഈ പ്രവൃത്തി നിലവിൽ 88% പൂർത്തീകരിച്ചിട്ടുണ്ട്.

വല്ലാർപാടം റിംഗ് ബണ്ട് റോഡ്

78(688) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ വല്ലാർപാടം റിംഗ് ബണ്ട് റോഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.